കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വനിതാ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും, വനിതാ തടവുകാരുടെയും, കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതു കൊണ്ട് വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുമുള്ള വിദ്യാഭ്യാസ ധനസഹായം - പുതുക്കി നിശ്ചയിക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 322/2014/സാനീവ തിയതി, തിരുവനന്തപുരം, 08.05.2014

---

പരാമർശം : 1) സ.ഉ(സാധാ) നം. 4/2010/സാക്ഷേവ തീയതി 4.1.2010.
2) സ.ഉ(സാധാ) നം. 398/2010/സാക്ഷേവ തീയതി 14.9.2010.
3) സ.ഉ(എം.എസ്) നം. 36/2012/സാക്ഷേവ തീയതി 6.6.2012.
4) സ.ഉ(എം.എസ്) നം. 6/2013/സാനീവ തീയതി 22.1.2013.
5) സാമൂഹ്യനീതി ഡയറക്ടറുടെ 27.3.2014 ലെ എഫ്1/12514/14 നമ്പർ കത്ത്.
6) 25.4.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

സൂചന(1) പ്രകാരം വനിതകൾ ഗൃഹനാഥരായുള്ള ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾക്ക് താഴെപ്പറയുന്ന രീതിയിൽ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| 1 | 10 മുതൽ 12 വരെ | 2500 രൂപ |
| 2 | ഡിഗ്രി മുതലുള്ള തുടർ വിദ്യാഭ്യാസത്തിന് | 5000 രൂപ |

2. കൂടാതെ സൂചന (2) പ്രകാരം വനിതാ തടവുകാരുടെയും കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതുകൊണ്ട് വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനായി താഴെപ്പറയുന്ന രീതിയിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| 1 | ഹൈസ്കൂൾ തലം (VIII-X ) | 6000 രൂപ |
| 2 | പ്ലസ് വൺ മുതൽ ബിരുദം/ഡിപ്ലോമ തലം | 12000 രൂപ |

3) ഈ രണ്ട് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും വിദ്യാഭ്യാസ ധനസഹായം തമ്മിൽ വളരെ വലിയ വ്യത്യാസം നിലനിൽക്കുന്നതിനാലും 2008-09 സാമ്പത്തിക വർഷത്തിൽ കുട്ടികളുടെ പഠനത്തിന് അനുവദിക്കപ്പെട്ട ധനസഹായം നിലവിലെ വിദ്യാഭ്യാസ സമ്പ്രദായ വ്യവസ്ഥയുമായി തുലനം ചെയ്യുമ്പോൾ പുതുക്കേണ്ടത് അനിവാര്യമായതിനാലും വനിതാ

PDF processed with CutePDF evaluation edition www.CutePDF.com

ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും, വനിതാ തടവുകാ... കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതു കൊണ്ട് വനിതകൾ ഗൃഹനാഥകളാ... കുടുംബങ്ങളിലെ കുട്ടികൾക്കും വിദ്യാഭ്യാസത്തിനായി അനുവദിക്കപ്പെടുന്ന ധനസഹ... താഴെപ്പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശ... (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ടി തുക 2235-02-103-92-(പി), 2235-02-106-93-(പി) എന്ന... ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള 330 ലക്ഷവും 110 ലക്ഷവും രൂപയിൽ നിന്നു... കണ്ടെത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, അച്ഛനും അമ്മയും കുട്ടിയുടെ സംരക്ഷണത്തിന് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ കുട്ടിയെ സംരക്ഷിക്കുന്ന ബന്ധുക്കൾ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ പ്രൊബേഷൻ ഓഫീസർ/ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ശുപാർശയോടെ ടി കേസുകളിലും ധനസഹായം അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| 1 | 1 മുതൽ 7-ാം ക്ലാസ്സ് വരെ | 500 രൂപ വീതം X 10 മാസത്തേയ്ക്ക് = 5000 രൂപ |
| 2 | 8 മുതൽ 10-ാം ക്ലാസ്സ് വരെ | 1000 രൂപ വീതം X 10 മാസത്തേയ്ക്ക് = 10000 രൂപ |
| 3 | +1 ,+2 ക്ലാസ്സുകൾ | 1500 രൂപ വീതം X 10 മാസത്തേയ്ക്ക് = 15000 രൂപ |
| 4 | ഡിഗ്രി ,ഡിപ്ലോമ, പിജി ക്ലാസ്സുകൾ | 2000 രൂപ വീതം X 10 മാസത്തേയ്ക്ക് = 20000 രൂപ |

4) 25.4.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം, അധിക തുക ആവശ്യം വരുന്ന പക്ഷം ധനപുനർവിനിയോഗം വഴി കണ്ടെത്തണം എന്ന നിബന്ധനയോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന 'സ്നേഹപൂർവ്വം' പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന അതേ നിരക്കിൽ വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ നിബന്ധനയ്ക്കു വിധേയമായി വനിതാ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും, വനിതാ തടവുകാരുടെയും, കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതു കൊണ്ട് വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും താഴെപ്പറയുന്ന രീതിയിൽ വിദ്യാഭ്യാസ ധനസഹായം പുതുക്കി നിശ്ചയിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക 2235-02-103-92-(പി), 2235-02-106-93-(പി) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള യഥാക്രമം 330 ലക്ഷവും 110 ലക്ഷവും രൂപയിൽ നിന്നും വഹിക്കേണ്ടതും അധികം തുക ആവശ്യം വരുന്ന പക്ഷം ധനപുനർവിനിയോഗം വഴി കണ്ടെത്തേണ്ടതുമാണ്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിമാസം അനുവദിക്കുന്ന തുക |
|---|---|---|
| 1 | സാമ്പത്തിക സഹായം അനുവദിക്കുന്ന 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും | 300 രൂപ വീതം |
| 2 | 6 മുതൽ 10-ാം ക്ലാസ്സ് വരെ | 500 രൂപ വീതം |
| 3 | +1 ,+2 ക്ലാസ്സുകൾ | 750 രൂപ വീതം |
| 4 | സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി /പ്രൊഫഷണൽ കോഴ്സുകൾ | 1000 രൂപ വീതം |

കൂടാതെ, അച്ഛനും അമ്മയും കുട്ടിയുടെ സംരക്ഷണത്തിന് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ കുട്ടിയെ സംരക്ഷിക്കുന്ന ബന്ധുക്കൾ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ പ്രൊബേഷൻ ഓഫീസർ/ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ശുപാർശയോടെ ടി കേസുകളിലും ധനസഹായം അനുവദിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

31

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്കുള്ള വിദ്യാഭ്യാസ ധനസഹായം- പുതുക്കിയ മാനദണ്ഡങ്ങളും തുകയും-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം524/2015/സാനീവ** **തീയതി, തിരുവനന്തപുരം 18.08.2015**

---

പരാമർശം:- (1) 08/05/2014 ലെ സ.ഉ (സാധാ) 322/2014/ സാനീവ നമ്പർ ഉത്തരവ്.
(2) 7/07/2015 ലെ സാമൂഹ്യ നീതി ഡയറക്ടറുടെ . എഫ്3- 28235/15 നമ്പർ കത്ത്.
(3) 22/07/15 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന വനിതാ ഗൃഹനാഥരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായവും കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയും ചില സമാനതകളുള്ളവയായതിനാൽ ഒരു ഗുണഭോക്താവിന് ഈ രണ്ട് പദ്ധതി പ്രകാരവും അപേക്ഷ സമർപ്പിക്കുവാനും വ്യാജ സാക്ഷ്യപത്രത്തിന്റെ സഹായത്തോടെ രണ്ട് ധനസഹായവും ലഭിക്കാനിടവരുന്ന സാഹചര്യം നിലവിലുണ്ടെന്നും. ഈ ഇരട്ടിപ്പ് ഒഴിവാക്കുവാനായി വനിതാ ഗൃഹനാഥരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം, വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതിന് ചുവടെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരെ മാത്രം ഉൾപ്പെടുത്തി മാനദണ്ഡം പുതുക്കി നിശ്ചയിക്കേണ്ടതുണ്ടെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

1) ബിപി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രമായിരിക്കും ധനസഹായത്തിന് അർഹതയുള്ളത്.
2) വിവാഹമോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
3) പുനർവിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
4) ഭർത്താവ് ഉപേക്ഷിച്ചു പോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
5) ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
6) ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/ പക്ഷാഘാതം മൂലം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
7) നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
8) അപേക്ഷകളിൽ സർക്കാർ നൽകുന്ന മറ്റൊരു വിദ്യാഭ്യാസ ധനസഹായത്തിനും സ്കൂൾ/കോളേജ് വഴി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന സാക്ഷ്യപ്പെടുത്തൽ സ്ഥാപന മേധാവി വരുത്തേണ്ടതാണ്.

9) അപേക്ഷകൾ അങ്കണവാടി വർക്കർമാർ വഴി അതാത് സി.ഡി.പി.ഒ.മാർക്ക് സമർപ്പിക്കേണ്ടതും, സി.ഡി.പി.ഒ.മാർ അന്വേഷണം നടത്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയശേഷം ജില്ലാ ഓഫീസർക്ക് അയയ്ക്കേണ്ടതുമാണ്.

2) വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഇതിലേക്കാവശ്യമായ 3 കോടി രൂപ സൂചന (1) പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിക്കും വിധം ചെലവഴിക്കുന്നത് ഉചിതമായിരിക്കുമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ "2235-02-103-92 പ്ലാൻ" ശീർഷകത്തിൽ അവശേഷിക്കുന്ന 3,28,91,000/- രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) 22/07/15 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതിയിൽ എ.ആർ. ടി തെറാപ്പി ചികിത്സയ്ക്ക് വിധേയരാകുന്ന എച്ച്.ഐ.വി ബാധിതരായ വ്യക്തികളെ കൂടി ഉൾപ്പെടുത്തേണ്ടതാണ് എന്ന നിബന്ധനയോടെ ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് മേൽ നിബന്ധനയ്ക്ക് വിധേയമായി ഭരണാനുമതി നൽകിയും ഇതിലേക്കാവശ്യമായ 3 കോടി രൂപ (മൂന്ന് കോടി രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യ നീതി ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി(എ)വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ